കടുത്തുരുത്തി ട്രഷറി ബിൽഡിംഗ് നിർമ്മാണം

125 (4707) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി ട്രഷറി ബിൽഡിംഗ് സ്ഥാപിക്കുന്നതു സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് ട്രഷറി വകുപ്പ് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്രയും വേഗം ഡി.പി.ആർ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ പരിഗണനയിലിരിക്കുന്ന ഫയൽ നമ്പർ 103240/ ഐ &പി.ഡബ്ല്യു.ഡി./ഫിൻ./ 2014-ന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) കടുത്തുരുത്തി പഞ്ചായത്ത് മിനി സിവിൽ സ്റ്റേഷനിൽ സബ്ട്രഷറിയ്ക്കായി 1350 സ്ക്വയർ ഫീറ്റ് സ്ഥലം അനുവദിച്ചതായി പാലാ ജില്ലാ ട്രഷറി ഓഫീസർ റിപ്പോർട്ട് ചെയ്തതിനാൽ ഡി.പി.ആർ. സമർപ്പിക്കേണ്ട സാഹചര്യം നിലവിലില്ല.

(ബി) ധനകാര്യ വകുപ്പിന്റെ ഫയൽ നമ്പർ 103240/ഇൻഡ്&പി.ഡബ്ല്യു ബി2/ 14/ധന.-യിൽ ഉഴവൂർ സബ്ട്രഷറി കെട്ടിട നിർമ്മാണം സംബന്ധിച്ച വിഷയമാണ് കൈകാര്യം ചെയ്യുന്നത്. ഉഴവൂർ സബ്ട്രഷറിയുടെ പഴയ കെട്ടിടം പൊളിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന്റെ സർവ്വേ റിപ്പോർട്ട് നാളിതുവരെ ലഭ്യമായിട്ടില്ല.

ശ്രീ.വിജിഷ് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്ന് സഹായത്തിനായി സമർപ്പിച്ച അപേക്ഷ

126 (4708) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നഗരസഭയിൽ പന്തലായനി വില്ലേജ് പരിധിയിൽ താമസിക്കുന്ന ശ്രീ. വിജിഷ് 'അളാരി' വീട് എന്നയാൾ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്ന് സഹായത്തിനായി സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) രോഗബാധിതനായ ഇദ്ദേഹത്തിന് ഇതുവരെയും ചികിത്സ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ പന്തലായനി വില്ലേജിൽ 'അളാരി' വീട്ടിൽ ശ്രീ. വിജീഷിന്റെ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ കാരുണ്യ ബെനവലന്റ് ഫണ്ട് 16-ാം സംസ്ഥാനതല കമ്മിറ്റി അംഗീകരിക്കുകയും 10,000 രൂപ അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടിയാളുടെ ചികിത്സയുമായി ബന്ധപ്പെട്ട ഒറിജിനൽ ബില്ലുകളും രേഖകളും എത്രയും പെട്ടെന്ന് ഹാജരാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇവ ലഭ്യമാകുന്ന മുറയ്ക്ക് ടി ഇ ക ടിയാളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

കാരുണ്യ പദ്ധതി

127 (4709) ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. ബി. സത്യൻ :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശ്യമുണ്ടോ ;

(ബി) അടിയന്തര സാഹചര്യങ്ങളിൽ, ഹൃദയ ശസ്ത്രക്രിയ ഉൾപ്പെടെയുള്ളവയ്ക്ക് ആശുപത്രികളിൽ എത്തുന്ന പാവപ്പെട്ടയാളുകൾക്ക് കാരുണ്യയിൽ മുൻകൂട്ടി അപേക്ഷിക്കാൻ സാധിക്കാതിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) രോഗത്തെ തുടർന്ന് ആശുപത്രികളിൽ എത്തുകയും ഉടൻ ശസ്ത്രക്രിയയ്ക്ക് വിധേയമാകുകയും ചെയ്യുവരുടെ കാര്യത്തിൽ, കാരുണ്യ സഹായം ലഭ്യമാക്കുന്നതിന് നിലവിൽ വ്യവസ്ഥ ഉണ്ടോ ; ചികിത്സയ്ക്ക് ശേഷം ബില്ലുകളുമായി കാരുണ്യ ആഫീസിലെത്തുന്ന പാവപ്പെട്ടവർക്ക് ആനുകൂല്യം നിഷേധിക്കപ്പെടുന്ന സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ;

(ഡി) അത്തരം കേസുകളിൽ അപേക്ഷ നൽകുന്നതിലെ കാലതാമസം ഇളവ് ചെയ്തു കൊടുക്കാൻ വ്യവസ്ഥ ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly